(ബി) ഇതിന്റെ പണി പൂർത്തിയായപ്പോൾ നിർമ്മാണച്ചെലവ് എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) അവസാനമായി ഇതിന്റെ എസ്റ്റിമേറ്റ് പുതുക്കിയത് എന്ന് ; എത്ര തുകയ്ക്ക് ;

(ഡി) ഈ പാലം ഗതാഗതത്തിന് തുറന്നുകൊടുത്തുവോ ; എങ്കിൽ ഇവിടെ കാൽ നടയാത്രക്കാരുടെ സുരക്ഷിതത്വത്തിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) നീളം - 83.36 മീറ്റർ, വീതി - 6.70 മീറ്റർ.

(ബി) ഈ പ്രോജക്റ്റിനുവേണ്ടി ഇതേവരെ ചെലവായത് 1145.77 ലക്ഷം രൂപയാണ്.

(സി) എസ്റ്റിമേറ്റ് അവസാനമായി പുതുക്കിയത് 30-12-1999-ലാണ്. തുക 620.76 ലക്ഷം രൂപ.

(ഡി) ഗതാഗതത്തിന് ഈ പാലം 30-5-1999-ൽ തുറന്നുകൊടുത്തു. ഒരേ സമയം രണ്ട് വലിയ വാഹനങ്ങൾക്ക് കടന്നുപോകുവാൻ കഴിയത്തക്കവിധമാണ് ഈ പാലത്തിന്റെ രൂപകല്പന, കാൽനടയാത്രക്കാർക്ക് സുരക്ഷിതമായി സഞ്ചരിക്കുവാൻ വേണ്ടതായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വഞ്ചുവം-പനയമുട്ടം ഏലാത്തോട്ടിന്റെ പുനരുദ്ധാരണം

19 (1170) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ വഞ്ചുവം-പനയമുട്ടം ഏലാത്തോടിന്റെ പുനരുദ്ധാരണ പണികളുടെ ക്രോസ്ബാർ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക എത്രയാണ് ;

(ബി) ഈ എസ്റ്റിമേറ്റ് പരിശോധന കഴിഞ്ഞ് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

(സി) ഈ പണിക്കുവേണ്ട ഭരണാനുമതിയും പ്രത്യേകാനുമതിയും നല്കിയിട്ടുണ്ടോ ;

(ഡി) തോടിന്റെ നിർമ്മാണ പ്രവർത്തനം അടിയന്തിരമായി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 36,50,000 രൂപ. (മുപ്പത്തി ആറു ലക്ഷത്തി അമ്പതിനായിരം രൂപ)

(ബി&സി) ഇല്ല.

(ഡി) ഭരണാനുമതി നല്കിക്കഴിഞ്ഞാൽ മാത്രമേ അനന്തര നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly